

THURSDAY 11.04.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/04/2024

1. കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗമാകുന്നതിന് www.kfwfb.kerala.gov.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷന് വയസ്സ് തെളിയിക്കുന്ന രേഖ, ആധാർ, വില്ലേജ് ഓഫീസറിൽ നിന്ന് ലഭിക്കുന്ന വാർഷിക വരുമാന സർട്ടിഫിക്കറ്റ്, കൃഷി/കൃഷി അനുബന്ധ/ കാർഷിക പ്രവർത്തനം സംബന്ധിച്ച കർഷകന്റെ സത്യപ്രസ്ഥാവന, കൃഷി അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം (കൃഷി ഓഫീസർ ഒഴികെ), ബാങ്ക് പാസ് ബുക്ക് പകർപ്പ്, ഭുമി നികുതി രസീത് / ഭൂമി രേഖ പാസ്സ്പോർട്ട് സൈസ് ഫോട്ടോ മുതലായവയാണ് ആവശ്യമായ രേഖകൾ. പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് ക്ഷേമനിധി പെൻഷൻ, അനാരോഗ്യ ആനുകൂല്യം, കുടുംബ പെൻഷൻ, അവശതാ ആനുകൂല്യങ്ങൾ, ചികിത്സാസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ഒറ്റത്തവണ ആനുകൂല്യം, വിദ്യാഭ്യാസ, ധനസഹായം, മരണാനന്തര ആനുകൂല്യം എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര കാർഷിക കോളേജിൽ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻ ഫുഡ് പ്രോസസ്സിംഗ് എന്ന വിഷയത്തിൽ ഒരു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. സീറ്റ് 25 ആയി നിജപ്പെടുത്തിയിട്ടുണ്ട്. കോഴ്സ് ഫീസ് 20,000 രൂപ. യോഗ്യത VHSE/HSE . അപേക്ഷിക്കേണ്ട അവസാന തീയതി 15.04.2024. കൂടുതൽ വിവരങ്ങൾക്ക് rabi@kau.in എന്ന ഈ മെയിൽ വിലാസത്തിലോ 04872438332 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക. അപേക്ഷിക്കുന്നതിന് tinyurl.com/edpfood

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് തീറ്റപ്പുല്ല് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് രണ്ടു ടണ്ണിൽ കൂടുതൽ ശേഷിയുള്ള പിക്-അപ് വാഹനം വാടകയ്ക്ക് നൽകുവാൻ താല്പര്യമുള്ളവരിൽനിന്ന് മുദ്രവച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തിയതി ഏപ്രിൽ 12ന് (12/04/2024) പകൽ 11 മണിവരെയാണ്.കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കാർഷിക മേഖലയിലെ ഇൻപുട്ട് ഡീലർമാർക്കും സംരംഭകർക്കുമായി നടത്തുന്ന ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ എക്സ്ടെൻഷൻ സർവീസ് ഫോർ ഇൻപുട് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. 48 ആഴ്ച ദൈർഘ്യമുള്ള പ്രോഗ്രാമിൽ 80 സെഷനുകളും എട്ട് ഫീൽഡ് സന്ദർശനങ്ങളും ഉൾപ്പെടുന്നു. 20,000 രൂപ കോഴ്സ് ഫീസുള്ള പ്രസ്തുത കോഴ്സിലേക്ക് കൃഷി ഭവനിൽ ലഭ്യമായ അപേക്ഷകൾ പൂരിപ്പിച്ച് കൃഷി ഓഫീസറുടെ ശുപാർശ സഹിതം ഈ മാസം 15 ന് (15/04/2024) മുമ്പായി തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഭവനുമായി ബന്ധപ്പെടുക.

5. വെള്ളായണി കാർഷിക കോളജിലെ അനിമൽ ഹസ്ബൻഡറി വിഭാഗത്തിന് കീഴിലുള്ള പൗൾട്രി ഫാമിൽ നിന്നും ഗ്രാമശ്രീ ഇനത്തിൽപെട്ട 45 ദിവസം പ്രായമുള്ള മുട്ടക്കോഴികുഞ്ഞുങ്ങൾ ഒന്നിന് 130 രൂപ നിരക്കിൽ വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. കോഴിക്കുഞ്ഞുങ്ങളെ വാങ്ങാൻ താത്പര്യമുള്ളവർ അനിമൽ ഹസ്ബൻഡറി വിഭാഗത്തിൽ നേരിട്ടോ 9645314843 ഫോൺ മുഖേനയോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം